# മോഷണ പരമ്പര നടത്തിയ കള്ളൻ റിമാൻഡിൽ, മോഷണം ചെയ്ത നിരവധി സാധനങ്ങൾ ഒളിസങ്കേതത്തിൽ നിന്ന് കണ്ടെടുത്തു.

തിരുവനന്തപുരം: ജില്ലയിൽ ജനങ്ങൾക്ക് ഭീതി പരത്തി വൻ മോഷണ പരമ്പര നടത്തിയ കുപ്രസിദ്ധ മോഷ്ടാവ് തിരുവല്ലം ഉണ്ണിയെ റിമാൻഡ് ചെയ്തു. നെയ്യാറ്റിൻകര ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണ് ഇയാളെ പതിന്നാല് ദിവസത്തേക്ക് റിമാൻഡ് ചെയ്തത്. കഴിഞ്ഞ ദിവസമാണ് സിറ്റി ഷാഡോ പോലീസിന്റെ പിടിയിലാകുന്നത്.ഇയാൾ ഒളിവിൽ കഴിഞ്ഞിരുന്ന കോവളം കെ.എസ് റോഡിലെ വീട്ടിൽ നടത്തിയ പരിശോധനയിൽ നിരവധി വ്യാപാര സ്ഥാപനങ്ങളിലും വീടുകളിലും മോഷണം ചെയത് നടത്തി കിട്ടിയ മോഷണ വസ്തുക്കളും, പണവും കണ്ടെടുത്തു. ഇയാൾ മോഷണം നടത്തിയ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ഇയാൾ കൊണ്ടു പോയ സി.സി.ടി.വി ഹാർഡ് ഡിസ്ക്കുകളും കണ്ടെടുത്തു. ക്യാമറയിൽ അകപ്പെട്ട് ആളെ തിരിച്ചറിഞ്ഞ് പിടിക്കൂടാതിരിക്കാനാണ് ഇയാൾ ഹാർഡ് ഡിസ്ക്കുകളും കൊണ്ട് പോയിരുന്നത്.

ഒരു പ്രദേശത്ത് ഒരു ദിവസം തന്നെ നിരവധി മോഷണം നടത്തുന്നതാണ് ഇയാളുടെ രീതി. രാത്രി പന്ത്രണ്ട് മണിക്ക് ശേഷം തന്റെ ആട്ടോറിക്ഷയിൽ കവർച്ച ചെയ്യാനുദ്ധേശിക്കുന്ന പ്രദേശത്ത് എത്തി ആട്ടോ സുരക്ഷിതമായൊരു സ്ഥലത്ത് ഒതുക്കിയിട്ടതിന് കമ്പി പാരയുമായാണ് ഇയാൾ മോഷണത്തിനിറങ്ങുന്നത്. സമീപ പ്രദേശത്തെ സി.സി.ടി.വിയിൽ നിന്ന് രക്ഷപ്പെടുന്നതിന് ഹെൽമറ്റ് ധരിച്ചാണ് ഇയാൾ മിക്ക മോഷണങ്ങളും നടത്തുന്നത്. മോഷണം നടത്തി കിട്ടുന്ന പണം ഉപയോഗിച്ച് വൻ കവർച്ചകൾക്ക് തയ്യാറെടുക്കുന്നതിനെ ടെയാണ് ഇയാളെ ഷാഡോ പോലീസ് പിടികൂടിയത്. വരും ദിവസങ്ങളിൽ ഇയാളെ കസ്റ്റഡിയിൽ വാങ്ങി മോഷണ വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

OFFICE OF THE COMMISSIONER THIRUVANANTHAPURAM CITY

സിറ്റി പോലീസ് കമ്മീഷണർ
തിരുവനന്തപുരം

തിരുവനന്തപുരം
14/06/2019